# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നംപർ: 6541 — 11/07/2012 – ൽ മറുപടിയ്ക്ക്

## തടവുകാരുടെ ജയിൽമാറ്റം

ചോദ്യം — മറുപടി

ശ്രീ. എ. പ്രദീപ് കുമാർ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
( ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) കണ്ണൂർ സെൻട്രൽ ജയിലിൽ ഇപ്പോൾ ആകെ എത്ര തടവുകാരുണ്ട്; ഇവരുടെ പാർട്ടി തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ; | (എ) 05-07-2012 ന് കണ്ണൂർ സെൻട്രൽ ജയിലിൽ 1007 തടവുകാരെ പാർപ്പിച്ചിട്ടുണ്ട്. തടവുകാരുടെ രാഷ്ട്രീയ പാർട്ടി ബന്ധങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഒന്നും ജയിൽ രേഖകളിൽ രേഖപ്പെടുത്താറില്ല. |
| (ബി കണ്ണൂർ സെൻട്രൽ ജയിലിലെ രാഷ്ട്രീയ തടവുകാരെ മറ്റ് ജയിലുകളിലേക്ക് മാറ്റി അവിടെ നിന്ന് കൊടും കുറ്റവാളികളെ കണ്ണൂർ സെൻട്രൽ ജയിലിലേക്ക് കൊണ്ടുവരാൻ ഉത്തരവിറക്കിയിട്ടുണ്ടോ ; | (ബി) കണ്ണൂർ സെൻട്രൽ ജയിലിനെ സംസ്ഥാനത്തെ സ്ഥിരം കുറ്റവാളികളുടെ ജയിലായി പ്രഖ്യാപിച്ചിട്ടുണ്ട്. ഗുണ്ടാ ആക്ട് പ്രകാരം തടവിൽ കഴിയുന്നവരെ അവരുടെ സ്വദേശ യൂണിറ്റിലുള്ള സെൻട്രൽ ജയിലിൽ നിന്നും മറ്റ് യൂണിറ്റുകളിലെ സെൻട്രൽ ജയിലുകളിൽ പാർപ്പിക്കണമെന്നും, അതുപോലെ ഒന്നിൽ കൂടുതൽ കൊലചെയ്തിട്ടുള്ളവരേയും ഐ.പി.സി.307, 324,326 വകുപ്പുകൾ പ്രകാരം തടവിൽ കഴിയുന്നവരേയും സ്വന്തം യൂണിറ്റിലുള്ള സെൻട്രൽ ജയിലിൽ നിന്നും അടുത്ത യൂണിറ്റിലുള്ള സെൻട്രൽ ജയിലിലേക്ക് മാറ്റണമെന്നും ഉത്തരവായിട്ടുണ്ട്. |
| (സി) തടവുകാരെ മാറ്റുന്നത് സംബന്ധിച്ച് ജയിൽ നിയമത്തിൽ എപ്രകാരമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്; വ്യക്തമാക്കാമോ ; | (സി) കേരള ജയിൽ ചട്ടങ്ങൾ 10, 496 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്തെ ഒരു ജയിലിൽ നിന്നും മറ്റു ജയിലുകളിലേയ്ക്ക് തടവുകാരെ മാറ്റി പാർപ്പിക്കുന്നതിന് ജയിൽ വകുപ്പ് മേധാവിക്ക് അധികാരമുണ്ട്. ജയിലുകളിൽ തടവുകാരുടെ എണ്ണം പാർപ്പിട സൗകര്യത്തിലും കൂടുതൽ വർദ്ധിക്കുമ്പോഴും |

| | |
|---|---|
| | തടവുകാർക്കിടയിലുള്ള അച്ചടക്കം നിലനിർത്തുന്നതിനും തടവുകാർക്കിടയിൽ ഏതെങ്കിലും പകർച്ചവ്യാധി ഉണ്ടാവുകയാണെങ്കിലും , ജയിൽ വകുപ്പ് മേധാവി മേൽപ്പറഞ്ഞ വകുപ്പുകൾ അനുസരിച്ച് തടവുകാരെ മാറ്റിപാർപ്പിക്കാറുണ്ട്. |
| (ഡി) ഒരു ജയിലിൽ കൊടും കുറ്റവാളികൾ മാത്രമാകുമ്പോൾ കേരള ജയിൽ നിയമം അനുശാസിക്കുന്ന രീതിയിൽ മനഃപരിവർത്തനത്തിലൂടെ നല്ല മനുഷ്യരാകാനുള്ള അന്തരീക്ഷം നഷ്ടമാകാനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ എന്ന് വ്യക്തമാക്കുമോ ? | (ഡി) ജയിൽ നിയമപ്രകാരം വിവിധതരം കുറ്റവാളികളെ അവരുടെ മനഃപരിവർത്തനത്തിന് തടസ്സമാകാത്തവിധം തരംതിരിച്ചാണ് പാർപ്പിക്കേണ്ടത്. ഇപ്രകാരം തരംതിരിക്കുന്നതിന്റെ ഭാഗമായാണ് സംസ്ഥാനത്തെ ഒരു ജയിൽ സ്ഥിരം കുറ്റവാളികൾക്കുള്ള ജയിലായി പ്രഖ്യാപിച്ചിട്ടുള്ളത്. ഇത്തരം സ്ഥിരം കുറ്റവാളികളെ പാർപ്പിക്കുന്ന ജയിലുകളിൽ ഓരോരുത്തരുടേയും കേസ്സിന്റെ സ്വഭാവം, പ്രായം തുടങ്ങിയ കാര്യങ്ങൾ കണക്കിലെടുത്ത് ടി ജയിലിനുള്ളിൽ തന്നെ അവരെ പ്രത്യേകം പ്രത്യേകം ബ്ലോക്കുകളിൽ വേർതിരിച്ച് പാർപ്പിക്കുകയും, അനുയോജ്യമായ തൊഴിലുകൾ നൽകുകയും ചെയ്തുവരുന്നു. കൂടാതെ തടവുകാരുടെ മനഃപരിവർത്തനം ലക്ഷ്യംവച്ച് നടപ്പിലാക്കുന്ന മറ്റ് പദ്ധതികൾ ഈ തടവുകാർക്ക് വേണ്ടിയും നടപ്പിലാക്കുന്നുണ്ട്. പ്രത്യേകം പ്രത്യേകം ബ്ലോക്കുകളിൽ തടവുകാരന്റെ കേസ്സിന്റെ സ്വഭാവവും മറ്റും അനുസരിച്ച് മാറ്റിപ്പാർപ്പിക്കുന്നതിനാൽ നിയമം അനുശാസിക്കുന്ന രീതിയിൽ മനഃപരിവർത്തനത്തിലൂടെ ഇവരെ നല്ല മനുഷ്യരാക്കാനുള്ള അന്തരീക്ഷം നഷ്ടമാകാതെ ശ്രദ്ധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ